JAGRATHA 107

Vol-3, N0:32
21-09 - 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**അഭയക്കേസിലെ കുറ്റാരോപിതരായവരിൽ നടത്തിയ നാർകോ അനാലിസിസ് ടെസ്റ്റിന്റെ സിഡികൾ ചാനലുകൾ സംപ്രേഷണം ചെയ്തത് ജനങ്ങളിൽ വലിയ തെറ്റിദ്ധാരണയ്ക്ക് കാരണമായി. എന്നാൽ നാർകോ സിഡിയിൽ വ്യാപകമായ എഡിറ്റിംഗ് നടന്നിരിക്കുന്നതായി വിദഗ്ദ്ധർ കണ്ടെത്തിയിരിക്കുന്നു. കുറ്റാരോപിതരുടെമേൽ കുറ്റം ചുമത്തുവാനുള്ള ശ്രമം എഡിറ്റിംഗിലൂടെ നടത്തിയതായി വ്യക്തമാണ്.**

## നാർകോ സിഡിയിലെ ഞെട്ടിക്കുന്ന കൂട്ടിച്ചേർക്കലുകൾ പുറത്താകുന്നു

അഭയാ കേസിലെ നാർകോ സിഡികളെക്കുറിച്ചുള്ള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ഹേമയുടെ നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. 'സിഡികളിലെ എഡിറ്റിംഗും കൂട്ടിച്ചേർക്കലുകളും മനസിലാക്കാൻ സാങ്കേതിക വിദഗ്ധരുടെയൊന്നും ആവശ്യമില്ല. ഏതൊരു സാധാരണക്കാരനും ഒറ്റനോട്ടത്തിൽ വ്യക്തമാകും'- അഭയാ കേസിലെ കുറ്റാരോപിതർക്ക് ജാമ്യം അനുവദിച്ചുകൊണ്ട് പ്രഗത്ഭമതിയായ ന്യായാധിപ നടത്തിയ ഈ നിരീക്ഷണം പക്ഷേ, പലരും വേണ്ടത്ര ഗൗരവത്തോടെ ഉൾക്കൊണ്ടില്ല. എന്നു മാത്രമല്ല ആ സിഡികളാണ് ഒറിജിനൽ എന്നു പ്രചാരണം നടത്തുകയും ചെയ്തു. പിന്നീട് കോടതി നിർദേശപ്രകാരം സാങ്കേതിക സ്ഥാപനമായ സി-ഡിറ്റ് ഈ സിഡികൾ പരിശോധിച്ചപ്പോൾ നാർകോ സിഡികളുടെ പൊള്ളത്തരം പുറത്തായി. സിഡികളിൽ വ്യാപക എഡിറ്റിംഗ് നടന്നിരിക്കുന്നു. പക്ഷേ, വിദഗ്ധർ അടിവരയിട്ടു പറഞ്ഞിട്ടും അന്വേഷണ ഉദ്യോഗസ്ഥർക്കു മാത്രം ഒന്നും ബോധ്യമായില്ല ! അല്ലെങ്കിൽ അങ്ങനെ നടിച്ചു. ഇപ്പോൾ ചാനലുകളിലൂടെ പുറത്തായ നാർകോ സിഡികൾ പരിശോധിക്കാൻ ഇടയായ പേരു വെളിപ്പെടുത്താൻ താല്പര്യമില്ലാത്ത ഒരു സാങ്കേതിക വിദഗ്ധൻ ഇതാ കേരളത്തിന്റെ മനസ്സാക്ഷിയെ തന്നെ ഞെട്ടിക്കുന്ന കണ്ടെത്തലുകൾ തുറന്നെഴുതുന്നു. നാർകോ സിഡിയിൽ പ്രതികളാക്കപ്പെട്ടവർ കുറ്റകൃത്യം വിവരിച്ചു എന്നു പറയുന്ന ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കുമിടയിൽ തന്ത്രപരമായ എഡിറ്റിംഗ് നടന്നതായിട്ടാണ് പരിശോധനയിൽ കണ്ടെത്തിയിരിക്കുന്നത്. അതായത് ഓരോ ചോദ്യങ്ങൾ ക്കും നൽകിയ യഥാർഥ ഉത്തരങ്ങളല്ല സിഡി യിൽ പലേടത്തും കാണുന്നതെന്നു വ്യക്തം.

## നാർകോ സിഡി: കണ്ണുകളെ എങ്ങനെ വിശ്വസിക്കും?

അഭയാ കേസിലെ നാർകോ സിഡികൾ ആദ്യ കാഴ്ചയിൽ തന്നെ നിഷ്പക്ഷനായ ഏതൊരാളിലും നിരവധി സംശയങ്ങൾ ജനിപ്പിച്ചാൽ അതിശയിക്കാനില്ല. ജസ്റ്റീസ് കെ.ഹേമയുടെ നിരീക്ഷണം ഈ സാഹചര്യത്തിൽ പ്രസക്തമാണ്. ഈ സിഡികൾ ഇത്രയും ജനശ്രദ്ധ നേടിയ ഒരു അന്വേഷണത്തിന്റെ അടിസ്ഥാനശിലയാക്കി മാറ്റാൻ സിബിഐയെപ്പോലെ ഉത്തരവാദിത്വപ്പെട്ട ഒരു ഏജൻസിക്ക് എങ്ങനെ

കഴിഞ്ഞുവെന്ന് അദ്ഭുതപ്പെട്ടുപോകും. ഇനി ചാനലുകളിലൂടെ പുറത്തായ നാർകോ സിഡി ദൃശ്യങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കാം. പരിശോധയ്ക്കിടെ അവശരാകുന്ന കുറ്റാരോപിതർ പല ചോദ്യങ്ങളും മനസിലാക്കാൻ കഴിയാതെ എന്തെങ്കിലും മറുപടി നൽകുന്നതിനായി മൂളുകയും ഞരങ്ങുകയും മാത്രമാണ് പലപ്പോഴും ചെയ്യുന്നത്. അവ്യക്തമായ ഈ ഞരങ്ങലുകളും മൂളലുകളും എങ്ങനെ തെളിവുകളിലേക്കു നയിക്കും?. ഇതിനൊപ്പമാണ് സിഡികളിലെ വ്യാപക എഡിറ്റിംഗ്. സിഡിയിലെ ദൃശ്യങ്ങൾക്കും ശബ്ദങ്ങൾക്കും പല ഭാഗത്തും തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നു. പരിശോധനയ്ക്കായി അബോധാവസ്ഥയിലാകുന്നതിന് മുമ്പ് ചോദ്യകർത്താവ് കുറ്റാരോപിതരുമായി സംസാരിക്കുന്നത് വളരെ വ്യക്തമാണ്. ഈ സമയത്ത് അഭയയുടെ മരണത്തെക്കുറിച്ചുള്ള ചോദ്യങ്ങളൊന്നും ഇവരോടു ചോദിക്കുന്നില്ലെന്നുള്ളതും ശ്രദ്ധേയം. എന്നാൽ, മറ്റു പല കാര്യങ്ങളും സംസാരിക്കുന്നുണ്ടുതാനും. കുറ്റാരോപിതരുടെ ഈ വ്യക്തമായ സംസാരം എഡിറ്റ് ചെയ്ത് അബോധാവസ്ഥയിലായതിനു ശേഷമുള്ള ഇവരുടെ അവ്യക്തമായ സംസാരത്തിനിടയിൽ കയറ്റിയെന്ന സംശയമാണ് സിഡി നിരീക്ഷിക്കുന്ന ആർക്കും തോന്നാവുന്നത്. ഇതിനുവേണ്ടിയാണോ ആദ്യമേ പൊതുവായി പല കാര്യങ്ങളും ചോദിച്ചതെന്നു ആരെങ്കിലും സംശയിച്ചാൽ മറുപടി പറയാനാകുമോ ?.

കുറ്റാരോപിതരായ വൈദികർ എത്രപ്രാവശ്യം കാണാൻ വന്നിരുന്നു എന്ന ചോദ്യത്തിന് തന്നെ വല്ലപ്പോഴും വിഷ് ചെയ്തിരുന്നു എന്നാണ് അബോധാവസ്ഥയിൽ സിസ്റ്റർ സെഫി പറയുന്നത്. എങ്ങനെ വന്നിരുന്നു എന്ന ചോദ്യത്തിന് ഫോണിൽ കുർബാനയ്ക്ക് വരാൻ പറയും അന്നേരം വരും എന്നായിരുന്നു മറുപടി. എത്രമണിക്ക് അവർ വരും എന്ന ചോദ്യത്തിന് അഞ്ചുമണിക്ക് എന്നാണ് ഉത്തരം. ഏതു ഫാദറിനോട് നിങ്ങൾക്ക് ഫിസിക്കൽ റിലേഷൻഷിപ്പ് ? എന്ന ചോദ്യത്തിനുശേഷം എഡിറ്റിംഗ് നടന്നിരിക്കുന്നു. ഫാദറിന്റെ പേരെന്താ, ഏതു ഫാദറാ എന്ന രണ്ടു ചോദ്യങ്ങൾക്കു ശേഷവും എഡിറ്റിംഗ് നടന്നതായി കാണാം. പറയുന്ന ആദ്യപേര് വ്യക്തമല്ല. പൂതൃക്ക അച്ചനോട് സംസാരിച്ചിട്ടുണ്ട് എന്നത് കേൾക്കാം. പിന്നെ എന്നു രണ്ടു പ്രാവശ്യം ചോദിക്കുമ്പോഴും എഡിറ്റിംഗ് നടന്നിരിക്കുകയാണ്. പിന്നെയുള്ള ഉത്തരങ്ങളെല്ലാം അവ്യക്തമാണ്. ഇതിനിടയിൽ, വൈദികരോടുള്ള ബന്ധത്തെക്കുറിച്ചു ചോദിക്കുമ്പോൾ സ്നേഹബന്ധമുണ്ടെന്നാണ് പ്രതികരണം. ആരോട് എന്നു ചോദിക്കുമ്പോൾ എല്ലാ അച്ചന്മാരോടും എന്നാണ് പറയുന്നത്. ഇവിടെ എഡിറ്റിംഗ് ഇല്ല താനും. അച്ചന്മാരുടെ പേര് പറയാനുള്ള ചോദ്യത്തിന് പൂതൃക്ക ജോസച്ചനോട് കോട്ടൂരും എന്ന് അവ്യക്തമായി പറയുന്നുണ്ട്. വല്ലപ്പോഴും വിഷ് ചെയ്യാൻ മാത്രം അച്ചന്മാർ തന്നെ കാണാൻ വന്നിരുന്നു എന്ന് സിസ്റ്റർ സെഫി പറയുന്നത് പരിശോധനയുടെ തളർച്ചയിലാണ്. വിളിച്ചാൽ കുർബാനയ്ക്കായി വരുമെന്നും പറയുന്നു. അർധബോധാവസ്ഥയിൽ ഈ പറയുന്നത് ശരിയായിരിക്കാനാണ് സാധ്യത.

ഫിസിക്കൽ റിലേഷൻഷിപ്പ് ഏത് ഫാദറിനോടാണ് എന്നു ചോദിക്കുമ്പോൾ മൂന്നുപ്രാവശ്യം എഡിറ്റിംഗ് കഴിഞ്ഞ് പൂതൃക്ക അച്ചനോട് സംസാരിക്കും എന്ന ഉത്തരമാണ് കിട്ടുന്നത്. അതായത് ഈ ഭാഗത്തുനിന്ന് യഥാർഥ ഉത്തരം എഡിറ്റ് ചെയ്തു നീക്കിയിരിക്കുന്നു. നിലവിലുള്ള ഉത്തരം മറ്റ് ഏതെങ്കിലും ക്ലിപ് ഇവിടെ തിരുകി കയറ്റി സൃഷ്ടിച്ചതാണെന്നു വ്യക്തം. പിന്നെ ആരോട് എന്ന ചോദ്യത്തിനുശേഷം രണ്ട് എഡിറ്റിംഗ് കഴിഞ്ഞ് നാലുമണിക്ക് നേരത്തോ എന്ന മറുചോദ്യമാണ് സിഡിയിൽ കാണുന്നത്. ഒന്നോ, രണ്ടോ പേരുകൾ മാത്രം ഉത്തരമായി വരേണ്ട സന്ദർഭത്തിൽ, ഉത്തരത്തിന് മറുചോദ്യമാണ് കാണുന്നതെങ്കിൽ എഡിറ്റു ചെയ്തു നീക്കപ്പെട്ട മറ്റു ചോദ്യങ്ങൾ ഈ ഭാഗത്ത് ഉണ്ടായിരുന്നെന്നു വ്യക്തം. അതും സന്ദർഭത്തിൽനിന്ന് വ്യതിചലിച്ചുള്ള ചോദ്യങ്ങൾ. സ്നേഹബന്ധമുണ്ട് എന്നു സിസ്റ്റർ പറഞ്ഞപ്പോൾ ആരോട് എന്ന ചോദ്യത്തിന് എഡിറ്റിംഗ് ഇല്ലാതെ തുടർച്ചയായി സിസ്റ്റർ മറുപടി പറയുന്നത് എല്ലാ അച്ചന്മാരോടും എന്നാണ്. അച്ചന്മാരുടെ പേര് പറ എന്ന നിർദേശത്തിന് മറുപടി എഡിറ്റിംഗ് കഴിഞ്ഞ് രണ്ട് വൈദികരുടെയും പേരുകളാണ്. മറ്റേതോ അവസരത്തിൽ പറഞ്ഞ പേരുകൾ തന്ത്രപൂർവം ഇവിടെ തിരുകി കയറ്റിയതാണെന്നു പകൽപോലെ വ്യക്തം. വിടവു വന്ന ഭാഗങ്ങളിൽ നികത്താനായി സാധാരണ എഡിറ്റിംഗ് നടത്താറുണ്ട്. എന്നാൽ, ഈ സിഡികളിൽ നീണ്ട വിടവുകൾ എഡിറ്റ് ചെയ്ത് നികത്തപ്പെടാതെ പലഭാഗത്തും

കിടക്കുകയാണ്. തങ്ങൾ പ്രതീക്ഷിക്കുന്ന ഉത്തരങ്ങൾ എഡിറ്റ് ചെയ്താണെങ്കിലും വരുത്താൻ കിണഞ്ഞു പരിശ്രമം നടത്തുന്നുണ്ട്. അതു സാധിക്കുന്നതുവരെ പലതരം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുന്നു പരസ്പര ബന്ധമില്ലാതെ ചിതറിക്കിടക്കുന്ന അപൂർണ ഉത്തരങ്ങളിലൂടെ ഇക്കാര്യം വ്യക്തമാണ് താല്പര്യങ്ങൾക്കു നിരക്കാത്തതും ആവശ്യമില്ലാത്തതുമായ ചോദ്യങ്ങളും ഉത്തരങ്ങളുമാകാം എഡിറ്റു ചെയ്ത് നീക്കപ്പെട്ടത്.

അതുപോലെ പിന്നീട് തെറ്റിദ്ധാരണ ഉളവാക്കാൻ ഇടയാക്കുന്ന കാര്യങ്ങളും. കുറ്റകൃത്യത്തെക്കുറിച്ചു വിവരിക്കുന്നെന്നു പറയുന്ന ഭാഗത്തു കൃത്യമായ എഡിറ്റിംഗുകൾ കാണാം. എത്രമണിക്കാണ് സിസ്റ്റർ അയ കൊല്ലപ്പെട്ട ദിവസം താഴെ കിച്ചണിൽ വന്നത് എന്ന ചോദ്യത്തിനുശേഷം എഡിറ്റിംഗ്. തുടർന്ന് ഉത്തരം നാലുമണി. ഇവിടെയും യഥാർഥ ഉത്തരം നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. അഭയ താഴെ വന്നത് നാലുമണിക്കോ അഞ്ചുമണിക്കോ? തുടർന്ന് എഡിറ്റിംഗ് ശേഷം ഉത്തരം - അഞ്ചുമണി കഴിഞ്ഞു. അപ്പോൾ കിച്ചണിൽ മറ്റാരുണ്ടായിരുന്നു? തുടർന്ന് എഡിറ്റിംഗ്. ഉത്തരം - അവ്യക്തം. ഒരച്ചൻ എന്ന് വേണമെങ്കിൽ കരുതാം. ഉള്ളിൽ വന്ന അച്ചന്റെ പേരെന്താ എന്ന ചോദ്യത്തിന് ഉത്തരമില്ല. അവരെങ്ങനാ ഉള്ളിൽ വന്നത് എന്ന ചോദ്യത്തിന് ആര് എന്ന മറുചോദ്യം. തോമസ് കോട്ടൂര് പുറത്തുവന്നപ്പോൾ വാതിൽ തുറന്നതാരാ? എന്നു ചോദിക്കുമ്പോൾ ഞരക്കം മാത്രം. ഞാൻ തുറന്നില്ല എന്ന് ഉത്തരം നൽകിയതുപോലെ തോന്നുമ്പോൾ വർധിച്ച അസ്വസ്ഥതയോടെ സിസ്റ്റർ ഓക്കാനിക്കുന്നു. ഇവിടെ സൂക്ഷ്മ നിരീക്ഷണത്തിൽ രണ്ട് എഡിറ്റിംഗ് കാണാം. ഞാൻ തുറന്നു എന്നാണ് സിഡിയിലെ ഉത്തരം. ഇത് മറ്റെവിടുന്നോ മുറിച്ചുനീക്കി ഇവിടെ തിരുകിയതാണെന്നു മനസിലാക്കാം. വാതിൽ തുറന്നപ്പോൾ ആരാ വന്നത് എന്ന ചോദ്യത്തിനുശേഷം എഡിറ്റിംഗ് വ്യക്തം. കാമറയുടെ പൊസിഷനിൽ വളരെ വ്യത്യാസം. തോമസ് കോട്ടൂര് എന്ന ഉത്തരം വളരെ സ്ഫുടം. ഇതിനു മുമ്പുവരെ അവ്യക്തമായി ഞരങ്ങിയും മൂളിയും മാത്രം സംസാരിച്ച സിസ്റ്ററിന്റെ മുഖത്ത് കൂടുത ൽ പ്രസന്നതയും കാണാം. ഇതിൽ നിന്നും വീഡിയോയിലും ഓഡിയോയിലും എഡിറ്റിംഗ് നടന്നുവെന്ന് മനസിലാക്കാം. ആരംഭത്തിൽ മരുന്ന് സിസ്റ്ററിനെ കൂടുതലായി തളർത്തുന്നതിന് മുമ്പ് മറ്റേതോ ചോദ്യത്തിന് നൽകിയ ഉത്തരം ഇവിടെ തിരുകികയറ്റിയതാണ്. അഭയയെ തട്ടിയത് (മലയാളത്തിലെ തട്ടലാണോ മലയാളം വ്യക്തമായി അറിയാത്ത ചോദ്യകർത്താവ് ഉദ്ദേശിച്ചതെന്നറിയില്ല) നിങ്ങളോ തോമസ് കോട്ടൂരോ എന്ന ചോദ്യത്തിന് ആദ്യ ഉത്തരം വ്യക്തമല്ല. സിസ്റ്ററുടെ സംസാരം പൂർത്തിയാകുന്നതിനു മുമ്പേ സ്വരം മുറിച്ചുകളഞ്ഞിരിക്കുന്നു. ഞാൻ കണ്ടില്ല എന്നായിരുന്നു ഉത്തരമെന്നാണ് സിഡി കാണുന്നവർക്ക് മനസിലാകുന്നത്. ഞാൻ തട്ട് എന്ന് സിസ്റ്റർ തുടർന്ന് പറയുന്നുണ്ടെങ്കിലും അവസാന അക്ഷരം പൂർത്തിയാക്കാൻ അനുവദിക്കുന്നില്ല. ഞാൻ തട്ടിയില്ല എന്ന ഉത്തരമാകാനാണ് ഇവിടെ കൂടുതൽ സാധ്യത എന്തിനാ തട്ടിയത് അവർ എന്ന ചോദ്യത്തിന് ഉത്തരമില്ല. എവിടെ തട്ടിയിട്ടുണ്ടായിരുന്നു എന്ന ചോദ്യത്തിന്റെ ഉത്തരങ്ങളുടെ പൂർത്തീകരണം എഡിറ്റിംഗ് നഷ്ടപ്പെടുത്തിയിരിക്കുകയാണ്. സിസ്റ്ററുടെ വാക്കുകൾ വളരെ അവ്യക്തവും. കഴുത്തിന്റെ പുറക് വശത്ത് എന്നത് സിസ്റ്റർ പറയുന്നതായി കേൾക്കാം. ഈ ഉത്തരം എവിടെ നിന്നോ പറിച്ചെടുത്ത് കൊണ്ടുവന്നതാണെന്നു കരുതാം. ഏതു സാധനം കൊണ്ടാ തട്ടിയത് എന്ന ചോദ്യത്തിനുശേഷം എഡിറ്റിംഗ്. ഏതു സാധനം എന്നു വീണ്ടും ചോദിക്കുമ്പോൾ കോടാലി ഒപ്പമുണ്ടായിരുന്നു എന്നുത്തരം. ഇവിടെ എഡിറ്റിംഗ് കാണുന്നതിനാൽ ഈ ഉത്തരം ഈ ചോദ്യത്തിന്റേതല്ലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

അഭയയുടെ തലയിൽ രക്തമുണ്ടായിരുന്നോ എന്ന ചോദ്യത്തിന് ഉണ്ടായിരുന്നു എന്നായിരുന്നു മറുപടി. അഭയ സിസ്റ്ററിനെ എത്ര ആൾക്കാർ പിടിച്ചുകൊണ്ടുപോയി കിണറ്റിലിട്ടതാ എന്ന ചോദ്യത്തിന് ഉച്ചത്തിൽ അല്ല, അല്ല എന്നാണ് മറുപടി. ഇവിടെയും എഡിറ്റിംഗ് വ്യക്തമാണ്. കാരണം വളരെ ക്ഷീണിതയായ സിസ്റ്ററുടെ ശബ്ദം ഒരു സമയത്തും ഇത്രയും ഉയർന്നിരുന്നില്ല. ഒരാൾ മതി എന്ന് വീണ്ടും പറയുന്നുണ്ട് ഇതും എഡിറ്റ് ചെയ്തു ചേർത്തിരിക്കുന്നതാണ്. നിങ്ങൾ അഭയ സിസ്റ്ററിന്റെ കാലേ പിടിച്ചോ, കൈയിൽ പിടിച്ചോ എന്ന ചോദ്യത്തിന് ഞാനെങ്ങും പിടിച്ചി... എന്നാണ് മറുപടി. ഇതിനിടയിൽ എഡിറ്റിംഗ്

നടന്നിരിക്കുകയാണ്. ഞാനെങ്ങും പിടിച്ചില്ല എന്നതാണ് പറഞ്ഞതെന്ന് ഇവിടെ വ്യക്തം. ഇതിനിടയിൽ സിസ്റ്റർ ഓക്കാനിക്കുകയും ഭയാനക ശബ്ദത്തിൽ ഞരങ്ങുകയും ചെയ്യുന്നു. തുടർന്ന് സിസ്റ്റർക്ക് ഓക്സിജൻ കൊടുക്കുകയാണ്. സിസ്റ്ററുടെ മേലുള്ള കുറ്റാരോപണം കൃത്രിമം നിറഞ്ഞതാണെന്ന് സിഡി സസൂക്ഷ്മം നിരീക്ഷിക്കുന്ന ആർക്കും വ്യക്തമാകും. മുറിച്ചുകെട്ടിയ വാക്കുകൾക്ക് പലപ്പോഴും തുടർച്ചയില്ല. കൃത്രിമത്വം എല്ലായിടങ്ങളിലും വ്യക്തം. യുക്തിബോധത്തോടെ സിഡിയെ വിലയിരുത്തിയാൽ സിസ്റ്ററെ മനഃപൂർവം കുറ്റക്കാരിയാക്കണമെന്ന ഉദ്ദേശത്തോടെ ചോദ്യം ചോദിക്കുന്നതായും ഉത്തരങ്ങൾ അത്തരത്തിലുള്ളതാക്കാൻ ചോദ്യകർത്താവ് കിണഞ്ഞ് പരിശ്രമിക്കുന്നതായും കാണാം. ഫാ. തോമസ് കോട്ടൂരിനോട് ആദ്യ പതിനാറ് മിനിറ്റ് പൊതുവായ ചോദ്യങ്ങളും ഉത്തരങ്ങളുമാണ്. ഇവിടെ ആവശ്യമില്ലാത്തതിനാൽ എഡിറ്റിംഗ് അധികമില്ല. അന്നേ ദിവസം നിങ്ങൾ കാറിനാണോ സ്കൂട്ടറിനാണോ പോയത് എന്ന ചോദ്യത്തിനുശേഷം എഡിറ്റിംഗ് തുടർന്ന് സ്കൂട്ടറിന്, ഇത് താരതമ്യേന ചെലവ് കുറഞ്ഞതാണ് എന്നാണ് ഉത്തരം. എഡിറ്റിംഗ് നടന്നതിനാൽ അർഥമാക്കുന്നത് മഠത്തിലേക്കുള്ള യാത്രയാകണമെന്നില്ല. തുടർന്ന് മതിൽ ചാടിക്കടന്നത്, വാതിൽ തുറക്കുന്നത് തുടങ്ങിയ ചോദ്യങ്ങൾ. ഉത്തരം - എന്നെപ്പോലെ കോട്ടയംകാർക്ക് സുപരിചിതനായ ഒരു വ്യക്തി പാതിരാസമയത്ത് മഠത്തിനുള്ളിൽ പ്രവേശിക്കാൻ ശ്രമിക്കുമോ എന്ന മറുചോദ്യം. ഇങ്ങനെ അസാധ്യമായ ഒരു കാര്യത്തെ സൂചിപ്പിക്കാൻ പാതിരാ നേരത്തുള്ള മഠത്തിൽ പ്രവേശനമെന്ന വാചകം അച്ചന്റെ വായിൽനിന്ന് വീണുകിട്ടിയത് സിഡിയിൽ പിന്നീട് ശരിക്കും മുതലെടുത്തിട്ടുണ്ട്. പാതിരാവിലുള്ള മഠത്തിൽപോക്ക് പ്രധാന കവാടത്തിലൂടെയോ പുറകുവശത്തുള്ള വാതിലിലൂടെയോ എന്ന ചോദ്യത്തിനുശേഷം എഡിറ്റിംഗ്. സാധാരണയായി ആൾക്കാർ പോകുന്നത് - തുടർന്ന് എഡിറ്റിംഗ് - പുറകുവശത്തെ വാതിലിലൂടെയാണ് എന്ന ഈ ഉത്തരം പറിച്ചുനടപ്പെട്ടതാണ്. പുറംവാതിൽ ആരു തുറന്നുതന്നു എന്ന ചോദ്യം ഇംഗ്ലീഷിൽ. ഉത്തരം മലയാളത്തിൽ മദർ സുപ്പീരിയർ ഒരു കോൺവന്റ് ിന്റെ മദർ. തുടർന്നുള്ള ചോദ്യങ്ങളിലെ ഉത്തരങ്ങളുടെ ഓരോ വാചകത്തിലും ഒന്നിലേറെ പ്രാവശ്യം എഡിറ്റിംഗ് നടന്നതായി കാണാം. ഓരോ വാക്കിനുശേഷവും എഡിറ്റിംഗ് കണ്ടെത്തിയ ക്ലിപ്പുകളുമുണ്ട്. ഇതിന്റെ ആവശ്യമെന്ത് ?

ലോറിയുടെ പ്ലാറ്റ് ഫോമിന്റെ വലിപ്പത്തിനനുസരിച്ച് ലോഡ് ചെയ്യേണ്ട തടി വെട്ടിയൊരുക്കുന്നതുപോലെ കുറ്റാരോപിതരെ യഥാർഥത്തിൽ കുറ്റക്കാരാക്കാൻ തുനിഞ്ഞിറങ്ങിയവരെപ്പോലെയുള്ളതായിരുന്നു ചോദ്യകർത്താക്കളുടെ ഓരോ ചോദ്യവും. സിസ്റ്റർ അഭയയുടെ ആത്മഹത്യാ സാധ്യതയെപ്പറ്റി ഒന്നും ചോദിച്ചതായി കാണുന്നില്ല. സിസ്റ്റേഴ്സുമായി വൈകാരിക ബന്ധമുണ്ടോ എന്ന ചോദ്യത്തിന് സാധാരണ സൗഹാർദം മാത്രമായിരുന്നു രണ്ടച്ചന്മാർക്കും ഉണ്ടായിരുന്നത് എന്ന ഉത്തരം കിട്ടി. നാർകോ പരിശോധനയിലൂടെ കിട്ടിയ മറ്റ് അറിവുകൾ സ്വീകാര്യമാണെങ്കിൽ ഈ ഉത്തരവും സ്വീകാര്യമാവണമല്ലോ? ഫാ. ജോസ് പൂതൃക്കയിലിനെ പരിശോധനയ്ക്ക് വിധേയമാക്കിയത് കാണിക്കുന്ന സിഡിയിലും ഇതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ലാത്ത തന്ത്രങ്ങളാണ് പ്രയോഗിച്ചിരിക്കുന്നത്.

## എന്താണ് സിഡി എഡിറ്റിംഗ് ?

വീഡിയോ കാമറയിൽ ഷൂട്ട് ചെയ്യപ്പെടുന്ന കാര്യങ്ങളാണ് പിന്നീട് സിഡി രൂപത്തിൽ നമുക്ക് ലഭിക്കുക. ഷൂട്ട് ചെയ്യപ്പെടുന്ന പരിപാടി അതേപടി കംപ്യൂട്ടറിലേക്കു പകർത്തപ്പെടുന്നു. ഒരു ഭിത്തിയിൽ അനേകം ഇഷ്ടികകൾ ഉള്ളതു പോലെ ഒരു പരിപാടി പല ക്ലിപ്പുകളായിട്ടാണ് കംപ്യൂട്ടറിന്റെ ഹാർഡ് ഡിസ്കിൽ ശേഖരിക്കപ്പെടുക. കാമറയിലെ ടേപ്പിന്റെ കറക്കത്തെ ആശ്രയിച്ചാണ് ക്ലിപ്പുകൾ രൂപം കൊള്ളുക. ഒരു ക്ലിപ്പി ന്റെ മുകൾ ഭാഗത്ത് പടവും (വീഡിയോ) താഴെ ശബ്ദവും(ഓഡിയോ) രൂപപ്പെടുന്ന നിലയിലാണ് കംപ്യൂട്ടർ മോണിട്ടറിൽ നമ്മൾ കാണുക. ഓരോ ക്ലിപ്പിലും ധാരാളം എഡിറ്റിംഗ് സാധ്യതകളുണ്ട്. കംപ്യൂട്ടർ ഉപയോഗിച്ചേ എഡിറ്റിംഗ് നടക്കൂ. സിഡി രൂപത്തിലേക്ക് മാറ്റപ്പെട്ട പരിപാടി വീണ്ടും എഡിറ്റ് ചെയ്യണമെങ്കിൽ അത് വീണ്ടും കംപ്യൂട്ടറിൽ കയറ്റേണ്ടിയിരിക്കുന്നു. എഡിറ്റിംഗിലൂടെ ക്ലിപ്പുകളുടെ മനോഹാരിത വർധിപ്പിക്കാമെന്നു മാത്രമല്ല,

എഡിറ്ററുടെ മനോധർമ്മമനുസരിച്ച് ആശയങ്ങളെ പാടെ തകിടം മറിക്കാനും സാധിക്കും. ഒരു ഉദാഹരണം- ദൈവത്തിന്റെ സ്വന്തം നാടാണ് കേരളമെങ്കിലും പിശാചിന്റെ വികൃതികളും അങ്ങിങ്ങായി അരങ്ങേറ്റം നടക്കുന്നതായി കാണാം എന്ന വാചകത്തെ പിശാചിന്റെ സ്വന്തം നാടാണ് കേരളമെങ്കിലും ദൈവത്തിന്റെ വികൃതികളും... എന്നുമാറ്റി മറിക്കാൻ വിദഗ്ധനായ ഒരു എഡിറ്റർക്ക് ഏതാനും സെക്കൻഡുകൾ മാത്രം മതിയാകും. എഡിറ്റ് ചെയ്ത ഭാഗങ്ങൾ തിരിച്ചറിയാൻ സാങ്കേതിക ജ്ഞാനമില്ലാത്തവർക്കു സാധിക്കുമോ? സൂക്ഷ്മ നിരീക്ഷണത്തിലൂടെ മിക്കവാറും സാധ്യമാകും എന്നു ത ന്നെ ഉത്തരം. വിശദീകരിക്കാം. ത യ്യൽക്കാർ ഉപയോഗിക്കുന്ന അളവുനാട ഒരു മുറിക്കു കുറുകെ കെട്ടിയിട്ട് അതിന്റെ മുന്നിൽ നിന്ന് ഒരാൾ സംസാരിക്കുന്നതായി സങ്കല്പിക്കുക. ഞാൻ ഏകനായി മുറിയിൽ ഇരുന്നപ്പോൾ ഉറക്കം വന്നു. അലസമായി ജനാലയിലൂടെ വെളിയിലേക്കു നോക്കിയപ്പോൾ അയൽ വീടിന്റെ മുറ്റത്ത് കിണറിനോട് ചേർന്ന് ഒരാൾ മഴുകൊണ്ട് വിറകുവെട്ടി പിളർക്കുന്നതു കണ്ടു. ഭാവനാപൂർവം ഏതാനും വാക്കുകൾ മുറിച്ചുമാറ്റിയാൽ, ഈ വാചകത്തെ ഞാൻ... മഴുകൊണ്ട്... വെട്ടി.. എന്നു മാറ്റി മറിക്കാൻ സാധിക്കും. മുറിച്ചു മാറ്റം ചെയ്ത വാക്കുകളുടെ സ്ഥാനത്ത് വിടവുകാണാം. Ripple delete എന്ന സാങ്കേതിക വിദ്യയിലൂടെ ഈ വിടവ് ഇല്ലാതാക്കാം. ഓഡിയോ ഭാഗം റെഡി. എന്നാൽ, വീഡിയോയിൽ പ്രശ്നങ്ങളുണ്ട്. ഒരാൾ നിന്നുകൊണ്ടോ ഇരുന്നുകൊണ്ടോ, കിടന്നുകൊണ്ടോ പോലും സംസാരിക്കുമ്പോൾ ശിരസിനു ചലനമുണ്ടാകും. മുകളിൽ കൊടുത്ത വാചകത്തിന്റെ ആദ്യവാക്കുകൾ ഉച്ചരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശിരസ് നാടയിൽ 30 എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്താണെങ്കിൽ അവസാന വാക്കുകൾ ഉച്ചരിക്കുമ്പോൾ അത് 35 നോടടുത്തായിരിക്കും. ഓഡിയോയിലെ വിടവുനികത്തി വാക്കുകൾ അടുപ്പിച്ചപ്പോൾ വീഡിയോയിൽ (പടം) 30-ൽ നിന്ന് 35-ലേക്ക് ഒരു വെട്ടലോ ചാട്ടമോ കാണാം. Dissolve effect ഉപയോഗിച്ചാണ് എഡിറ്റേഴ്സ് ഈ പ്രശ്നത്തെ ഒരു പരിധിവരെ പ്രതിരോധിക്കുന്നത്. Dissolve effect കണ്ടാൽ അവിടെ എഡിറ്റിംഗ് നടന്നു എന്നു തീർച്ചയായും അനുമാനിക്കാം. അഭയാ കേസുമായി ബന്ധപ്പെട്ട നാർക്കോ പരിശോധന സിഡിയിൽ വെട്ടലും ചാട്ടവും വ്യാപകമായി കാണാം. ചുരുക്കം ചില സ്ഥലങ്ങളിൽ dissolve effect ഉപയോഗിച്ചതായി കാണുന്നു. കുറ്റാരോപിതർ കുറ്റം അംഗീകരിക്കുന്ന ഭാഗങ്ങളിൽ എഡിറ്റിംഗ് വളരെ വ്യക്തമാണ്. മർമ പ്രധാന ഭാഗങ്ങളിൽ ഓരോ വാചകത്തിലും ഒന്നിലേറെ എഡിറ്റിംഗ് കാണാം. ഉഗ്രവിഷമുള്ള പാമ്പുകളെ ത ന്ത്രപൂർവം പിഴവുപറ്റാതെ പിടികൂടുന്നത് അനിമൽ പ്ലാനറ്റിലും മറ്റും കാണാറുണ്ടല്ലോ. സ്വയം നിർമിച്ച കൂട് പൊന്തക്കാട്ടിൽ ഒളിപ്പിച്ചുവച്ച് പാമ്പിനെ കൗശലപൂർവം അതിലേക്കു കയറ്റുന്നു. ശരീരത്തിന്റെ പകുതിഭാഗം കൂട്ടിൽ കയറികഴിയുമ്പോൾ പാമ്പു പിടിത്തക്കാരൻ അതിന്റെ വാൽഭാഗത്തോടു ചേർന്നു പിടിച്ചു തള്ളി പാമ്പിന്റെ കൂട് പ്രവേശനം കൂടുതൽ സുഗമമാക്കുന്നു. അതോടൊപ്പം അവർ തങ്ങളുടെ നിലയും സുരക്ഷിതമാക്കുന്നു. അഭയ കേസ് സിഡിയും ഏതാണ്ടിതുപോലെതന്നെ.

## സിഡിയിലെ മാറ്റിമറിക്കലിന് ആരാണ് ഉത്തരവാദി?

അഭയാ കേസിലെ നാർകോ സിഡിയിൽ ദൃശ്യമാകുന്ന വ്യാപക എഡിറ്റിംഗിനും കൂട്ടിച്ചേർക്കലുകൾക്കും ആര് ഉത്തരവാദിത്വം പറയും ? കുറ്റാരോപിതരെ ഈ കേസിൽ ഉൾപ്പെടുത്താൻ അന്വേഷണസംഘം ആയുധമാക്കിയത് ഈ സിഡികളാണെന്നു അറിയുമ്പോഴാണ് ഇതിലെ ഈ കൂട്ടിച്ചേർക്കലുകളുടെ ഗൗരവം പ്രസക്തമാകുന്നത്. സിഡിയിൽ എഡിറ്റിംഗ് ഉണ്ടെന്നു കോടതി വരെ ചൂണ്ടിക്കാണിച്ചിട്ടും അതിന്റെ നിജസ്ഥിതി അന്വേഷിക്കാനോ പരിശോധിക്കാനോ സിബിഐ തയാറാകാത്തത് എന്തുകൊണ്ടായിരുന്നു? അവസാനം സിഡിയിൽ എഡിറ്റിംഗ് ഉണ്ടെന്നു സി-ഡിറ്റ് കണ്ടെത്തിയപ്പോൾ അവർക്കു വൈദഗ്ധ്യമില്ലെന്നു പറഞ്ഞു തലയൂരാൻ ശ്രമിച്ചതു ശരിയായ രീതിയാണോ ? ഒറിജിനൽ സിഡി കണ്ടെത്താൻ കോടതി നിർദേശിച്ചിട്ടും കാര്യമായ അന്വേഷണം നടത്താതെ ഡോ.എസ്. മാലിനിയുടെ വാക്കു വിശ്വസിച്ചു തൃപ്തിപ്പെടുന്നത് ശരിയാണോ? വ്യാജരേഖ ചമച്ചതിനു ലാബിലെ ജോലിയിൽനിന്നു തന്നെ പുറത്താക്കപ്പെട്ട ഒരു വ്യക്തിയുടെ വാക്കുകൾ അതേപടി വിശ്വസിക്കുന്നത് സിബിഐ പോലെയുള്ള

ഏജൻസിക്കു ചേർന്നതാണോ? സത്യം വെളിച്ചത്തുകൊണ്ടുവരാൻ നാർക്കോ അനാലിസിസ് സഹായകമാണെങ്കിൽ ഒറിജിനൽ സിഡിയെക്കുറിച്ചുള്ള വിവരം ലഭിക്കാൻ ലാബ് അധികൃതരെയും ഈ പരിശോധനയ്ക്കു വിധേയരാക്കരുതോ? ഒറിജിനൽ സിഡി പുറത്തുകൊണ്ടുവരുന്നതിനെ അന്വേഷണ സംഘം ഭയപ്പെടുന്നുണ്ടോ ?.. ഈ ചോദ്യങ്ങൾക്കൊക്കെ ഇനിയും മറുപടിയുണ്ടായിട്ടില്ല.

കടപ്പാട്: ദീപിക